## കേരള ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T) യുടെ നടപടിക്രമങ്ങൾ

വിഷയം:- ആ.വ.ഡ – 06.05.2000 മുതൽ 31.07.2017 വരെയുള്ള കാലയളവിലെ ജെ. പി. എച്ച്. എൻ ഗ്രേഡ്-1 ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തിയും, സീനിയോറിറ്റി പുനഃക്രമീകരിച്ചും 16.06.2021 ൽ പുറപ്പെടുവിച്ച ഉത്തരവ് - തിരുത്തി ഉത്തരവാകുന്നത് സംബന്ധിച്ച്-

സൂചന :-
1. ഉത്തരവ് നമ്പർ. ഇ. എസ്5-32284/17/ആ.വ.ഡ, തീയതി. 06.12.2018
2. FW(Spl. Cell) 61647/07/DHS, Dated: 10.08.2009
3. ഉത്തരവ് നമ്പർ. ഇ. എസ്5-67854/2019/ആ.വ.ഡ, തീയതി. 25.05.2020
4. OA(EKM) 486/2021
5. OA(EKM) 487/2021
6. OA(EKM) 489/2021
7. OA(EKM) 683/2021
8. Advice Lr. No. KGD I(1) 298/94/KPSC, Kasaragod, Dt: 19.11.1997
9. Advice Lr. No. EII I(1) 3128/89/KPSC, Ernakulam, Dt: 09.04.1996
10. 07.06.2021 തീയതിയിലെ ഇ. എസ്5-32284/2017/ആ.വ.ഡ നമ്പർ നോട്ടീസ്
11. 16.06.2021 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്

## ഉത്തരവ് നമ്പർ ഇ.എസ്5/32284/2017/ആ.വ.ഡ തീയതി. 16/08/2021

ആരോഗ്യ വകുപ്പിൽ 06.05.2000 മുതൽ 31.07.2017 വരെയുള്ള കാലയളവിലെ JPHN Gr. I വിഭാഗം ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി പട്ടിക സൂചന 1 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ JPHN Gr. I മാരായ പാത്തുമ്മ. കെ, ലളിത അപ്പിയേൽ, അംബിക. ടി. എ, ആലീസ് ചാക്കോ എന്നിവർ തങ്ങളുടെ സീനിയോറിറ്റി പുനഃക്രമീകരിച്ചു കിട്ടുന്നതിനായി മേൽ സൂചന 4 മുതൽ 7 വരെ പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ കേസ് ഫയൽ ചെയ്തിരുന്നു. ആയതിലെ അന്തിമ വിധി പ്രകാരം ടി ജീവനക്കാരുടെ അപേക്ഷകളും അനുബന്ധ രേഖകളും വിശദമായി പരിശോധിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ഈ ജീവനക്കാരെ JPHN Gr. I പട്ടികയിൽ താൽക്കാലികമായി ഉൾപ്പെടുത്താനും, നിലവിലുള്ള സ്ഥാനം താൽക്കാലികമായി പുനഃക്രമീകരിച്ചു നൽകാനും തീരുമാനിച്ച് സൂചന 10 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു.

ടി വിഷയത്തിന്മേൽ ആക്ഷേപങ്ങളോ പരാതിയോ ഉണ്ടെങ്കിൽ സമർപ്പിക്കുവാൻ കൃത്യമായ സമയം നൽകിയിരുന്നെങ്കിലും പരാതികളോ ആക്ഷേപങ്ങളോ നാളിതുവരെ ലഭിച്ചിട്ടില്ല.

ഇതിന്റെയടിസ്ഥാനത്തിൽ 06.05.2000 മുതൽ 31.07.2017 വരെയുള്ള ജെ. പി. എച്ച്. എൻ ഗ്രേഡ് – 1 സീനിയോറിറ്റി ലിസ്റ്റിൽ മേൽ ജീവനക്കാർക്ക് സീനിയോറിറ്റി അനുവദിച്ചു

നൽകിയും സീനിയോറിറ്റി പുനഃക്രമീകരിച്ചും സൂചന 11 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ടി ഉത്തരവിൽ ശ്രീമതി. ലളിത അപ്പിയേൽ, ശ്രീമതി. പാത്തുമ്മ. കെ, ശ്രീമതി. രമ. റ്റി എന്നിവർക്ക് സീനിയോറിറ്റി ലിസ്റ്റിൽ നൽകിയിരുന്ന 685(A), 685(B), 685(C) എന്നീ സ്ഥാനങ്ങൾ യഥാക്രമം 675 (A), 675(B), 675(C) എന്ന് തിരുത്തി ഇതിനാൽ ഉത്തരവാകുന്നു.

മേൽ സൂചന 8 പ്രകാരമുള്ള പി. എസ്. സി അഡ്വൈസ് പ്രകാരം, ടി സീനിയോറിറ്റി പട്ടികയിൽ പാത്തുമ്മ. കെ. യ്ക്ക് ലളിത അപ്പിയേൽ, രമ. ടി എന്നീ ജീവനക്കാരുടെ ഇടയ്ക്കായി സ്ഥാനം ലഭിക്കാൻ അർഹതയുണ്ട്. ആയതിനാൽ ശ്രീമതി. രമ. റ്റി, JPHN Gr. I ന് മേൽ സൂചന 3 പ്രകാരം നൽകിയിരുന്ന 675 (A) എന്ന സ്ഥാനം റദ്ദ് ചെയ്ത് പകരം 675(C) എന്ന സ്ഥാനവും, ശ്രീമതി. ലളിത അപ്പിയേൽ, ശ്രീമതി. പാത്തുമ്മ. കെ എന്നിവർക്ക് യഥാക്രമം 675 (A), 675(B) എന്നീ സ്ഥാനങ്ങളും ശ്രീമതി. അംബിക. ടി. എ യ്ക്ക് 691 (A) എന്ന സ്ഥാനവും ശ്രീമതി. ആലീസ് ചാക്കോയ്ക്ക് 282 (A) എന്ന സ്ഥാനവും അനുവദിച്ചു നൽകി ഇതിനാൽ ഉത്തരവാകുന്നു. മേൽ സൂചന 11 പ്രകാരമുള്ള ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്യുന്നു.

വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

ഒപ്പ്/-

**ഡോ. സമീറ. എ**

**ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T)**

സ്വീകർത്താവ്

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
(ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)

പകർപ്പ്

1. മേൽ ജീവനക്കാർക്ക്
2. സൂപ്രണ്ട്, FWA സെക്ഷൻ
3. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്

## അനുബന്ധം A

06.05.2000 മുതൽ 31.07.2017 വരെയുള്ള കാലയളവിലെ JPHN Gr. I സീനിയോറിറ്റി പട്ടികയിൽ (Order No. ES5/32284/17/DHS, Dated: 06.12.2018) ഉൾപ്പെടുത്തിയും സ്ഥാനം പുനഃക്രമീകരിച്ചും പ്രസിദ്ധീകരിക്കുന്ന പട്ടിക

| Sl. No. | Name | PEN No | Date of Birth | Qualification | PSC Advice No. & Date | Date of Joining | Order of promotion as JPHN Gr. I | Period 21.01.1994 to 31.12.2006 | | | PERIOD 06.05.2000 TO 31.07.2017 | | | Remarks |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | Existing rank No. Gr. II | New rank No. Gr. II | Date assigned JPHN Gr. II | Existing rank No. JPHN Gr.I | New rank No. JPHN Gr. I | Date assigned JPHN Gr.I | |
| 1 | Lalitha Appial | 313617 | 07.03.1968 | SSLC/ ANM | KGD I(1)298/94/KPSC, Kasaragod, Dt: 19.11.1997 | 23.12.1997 | FWA4/19888/2014/DHS, Dtd: 29.01.2019 | 2565 | 822(A) | 19.11.1997 | - | 675(A) | 07.06.2001 | OA(EKM) 486/ 2021 |
| 2 | Pathumma. K | 330341 | 14.06.1965 | SSLC/ ANM | KGD I(1)298/94/KPSC, Kasaragod, Dt: 19.11.1997 | 19.12.1997 | FWA4/19888/2014/DHS, Dtd: 27.07.2018 | 2539 | 822(b) | 19.11.1997 | - | 675(B) | 07.06.2001 | OA(EKM)489 /2021 |
| 3 | Rema. T | 332280 | 15.05.1968 | PDC/ ANM | KGD I(1)298/94/KPSC, Kasaragod, Dt: 19.11.1997 | 22.12.1997 | FWA4/19888/2014/DHS, Dtd: 01.03.2016 | 822(A) | 822(C) | 19.11.1997 | 675(A) | 675(C) | 07.06.2001 | Seniority reassigned from 675 A to 675 C |
| 4 | Ambika. T. A | 313783 | 03.02.1971 | SSLC/ ANM | KGD I(1)298/94/KPSC, Kasaragod, Dt: 19.11.1997 | 22.12.1997 | FWA4/19888/2014/DHS, Dtd: 27.07.2018 | 2538 | 840(A) | 19.11.1997 | - | 691(A) | 07.06.2001 | OA(EKM) 487/ 2021 |
| 5 | Alice Chacko | 352139 | 19.04.1968 | SSLC/ ANM | EII I(1)3128/89/KPSC, Ernakulam, Dt: 09.04.1996 | 12.06.1996 | FWA6/7777/2012/DHS, Dtd: 01.01.2013 | 1625 | 389(A) | 09.04.1996 | 1393 | 282(A) | 01.06.2000 | OA(EKM)683/ 2021 |

ഒപ്പ്/-

ഡോ. സെമീറ. എ

ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (A & T)

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്